# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1514** **31.10.2019-ൽ മറുപടിയ്ക്ക്**

**<u>മണലൂർ മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിർമ്മാണ പുരോഗതി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണലൂർ മണ്ഡലത്തിലെ ഏതെല്ലാം തീരദേശ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br><br>ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ശേഷിക്കുന്ന റോഡുകളുടെ നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ? | എ) & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണലൂർ മണ്ഡലത്തിൽ 6 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | റോഡുകളുടെ പേര് | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| | **2017-18** | |
| 1 | വാടാനപ്പള്ളി പഞ്ചായത്തിലെ വാടാനപ്പള്ളി ബീച്ച് റോഡ് | ദർഘാസ് അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| | **2018-19** | |
| 1 | വാടാനപ്പള്ളി പഞ്ചായത്ത് സീവാൾ റോഡ് നിർമ്മാണം | പഞ്ചായത്തിൽ നിന്നും ലാന്റ് അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. |
| 2 | കരിക്കൊടി തീരദേശറോഡ്, മണലൂർ പഞ്ചായത്ത് | ദർഘാസ് അംഗീകാരത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 3 | മണിച്ചാൽ ബണ്ട് റോഡ് (ശ്മശാനം റോഡ്), എലവള്ളി പഞ്ചായത്ത് | ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 4 | കണ്ടേകാത്ത് കമ്പിള്ളി കെ.എൽ.സി. ബണ്ട് റോഡ് വാർഡ്-2, മുല്ലശ്ശേരി പഞ്ചായത്ത് | ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| | **2019-20** | |
| 1 | ഫാം റോഡ് | കരാറിലേർപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**